# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 13

# വാർത്താക്കുറിപ്പ്

## എം.ജി. കാമ്പസ് ഹോസ്റ്റൽ മുറികളിലെ സാധന സാമഗ്രികൾ അടിയന്തരമായി മാറ്റണം

കോവിഡ് 19 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ പല്ലന, മീനച്ചിൽ, പാടലീപുത്രം എന്നീ ഹോസ്റ്റലുകൾ ദേശീയ ദുരന്തനിവാരണ നിയമപ്രകാരം കോട്ടയം ജില്ല ഭരണകൂടം ഏറ്റെടുത്തിട്ടുണ്ട്. ഈ ഹോസ്റ്റലുകളിലെ മുറികളിൽ താമസിച്ചിരുന്ന വിദ്യാർഥികളുടെ സാധനങ്ങൾ / സാമഗ്രികൾ മേയ് 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ഒന്നിനകം നേരിട്ട് ഹോസ്റ്റലിലെത്തി മാറ്റാവുന്നതാണ്. മേയ് 15ന് സാധനങ്ങൾ മാറ്റി ഒഴിച്ച് കൊടുക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം സാധന സാമഗ്രികൾ ഹോസ്റ്റലിലെ മുറികളിലേക്ക് മാറ്റി സൂക്ഷിക്കുന്നതാണെന്ന് രജിസ്ട്രാർ അറിയിച്ചു. ഹോസ്റ്റലുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച ജില്ലാ ഭരണകൂടത്തിന്റെ ഉത്തരവ് പൊലീസിനെ കാണിച്ച് പാസ് വാങ്ങി കാമ്പസിലെത്തി സാധന സാമഗ്രികൾ കൊണ്ടുപോകാവുന്നതാണ്. വിശദവിവരത്തിന് ഫോൺ: +919495439998 ( ഹോസ്റ്റൽ എസ്.ഒ.) ,9447914132 (മെൻസ് ഹോസ്റ്റൽ വാർഡൻ )

(പി.ആർ.ഒ/39/483/2020)

## പരീക്ഷാഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ഫിസിക്സ് (മെറ്റീരിയൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/484/2020)

2019 ജൂലൈയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് സ്പെഷൽ സപ്ലിമെന്ററി/മേഴ്സി ചാൻസ് (പഴയ സ്കീം) മൈക്രോപ്രോസസേഴ്സ് (ഇൻഫർമേഷൻ ടെക്നോളജി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/485/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ